കേരള കൗമുദി
2003 സെപ്റ്റം: 11 വ്യാഴം



ശ്രീനാരായണഗുരുദേവന്റെ 149-ാമത് ജയന്തി ആഘോഷങ്ങളുടെ ഭാഗമായി കേണിച്ചിറയിൽ നടന്ന ഘോഷയാത്ര

## മെക്സിക്കോ ഉച്ചകോടി കർഷകവിരുദ്ധ സമ്മേളനം

കല്പറ്റ: മെക്സിക്കോയിൽ നടക്കുന്ന ലോക വ്യാപാര സംഘടനയുടെ മന്ത്രിതല സമ്മേളനം കേരള കർഷകർക്ക് ഭീക്ഷണിയാണെന്ന് കേരള കോൺഗ്രസ് സെക്കുലർ പാർട്ടി വയനാട് ജില്ലാ കമ്മറ്റി കുറ്റപ്പെടുത്തി.

ജില്ലാ പ്രസിഡന്റ് റെജി പുത്തേയത്ത് അദ്ധ്യക്ഷത വഹിച്ചു.

സാബു ജോൺ, സുധീഷ് നായർ, മുജീബ് റഹ്മാൻ, റോജി, എൻ.ഡി.ജോർജ്ജ്, കെ. വൈ. ജോർജ്ജ്, ബാബു പുതുശ്ശേരി എന്നിവർ പ്രസംഗിച്ചു.

# കാട്ടാനകളുടെ അന്ത്യം: ഉദ്യോഗസ്ഥർക്ക് എതിരെ നടപടി വേണം


കല്പറ്റ: റാന്നി ഫോറസ്റ്റ് ഡിവിഷനിലെ തണ്ണിയോട് വനത്തിൽ കാട്ടാനകളുടെ കൂട്ടക്കുരുതിക്ക് ഉത്തരവാദികളായ റാന്നി ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർ, റെയിഞ്ച് ഓഫീസർ, ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ, ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ വന്യജീവി സംരക്ഷണ നിയമ പ്രകാരം അറസ്റ്റ് ചെയ്ത് ജയിലിൽ അടക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെട്ടു.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ വൈദ്യുതി ലൈനിൽ നിന്ന് ഷേക്കേറ്റ് കേരളത്തിൽ 50ൽ പരം കാട്ടാനകൾ മരണപ്പെട്ടു. നാട്ടിലും കാട്ടിലും വന്യമൃഗങ്ങൾക്ക് രക്ഷയില്ലെന്ന് വന്നിരിക്കുന്നു. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ മുപ്പത് കാട്ടാനകൾ വയനാട്ടിൽ കൊല്ലപ്പെട്ടത് കൊമ്പിന് വേണ്ടിയുള്ള വേട്ട ഷേക്കേൽപ്പിച്ചും വിഷം കൊടുത്തും ചാരായത്തിൽ വിഷം കലർത്തിയും മറ്റുമാണ്. ഈ ഗുരുതരമായ പ്രശ്നത്തിൽ ഉടനടി ഇടപെടണമെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെട്ടു. പ്രസിഡന്റ് ബാബു മൈലമ്പാടി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി തോമസ് അമ്പലവയൽ, വഹാബ് കെ. പി, എൻ. ബാദുഷ, പി. യു. ജോയി, രാജൻ വെളുത്തുണ്ടുക്കുന്ന്, സുരേഷ് മാസ്റ്റർ, സിദ്ദീഖ്, മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

## വിവാഹം

**സുരേഷ് - രേഖ**

മാനന്തവാടി: പരിയാരംകുന്നിൽ 'ഉഷസിൽ' എൻ. എ. രാജന്റെ മകൾ രേഖയും നിരവിൽപുഴ കുന്നുമ്മലങ്ങാടി കെ. ശങ്കരന്റെ മകൻ സുരേഷും വിവാഹിതരായി.



*എൻ.എസ്.എസ് പുൽപള്ളി മേഖലാ സമ്മേളനത്തിൽ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം സംസ്ഥാന ജന. സെക്രട്ടറി പി.കെ. നാരായണ പണിക്കർ ഉദ്ഘാടനം ചെയ്യുന്നു*

മാധ്യമം - 2003 സെപ്റ്റം: 11 വ്യാഴം

# ആനകളുടെ കൂട്ടക്കുരുതി: അധികൃതരെ ജയിലിലടക്കണം

കൽപറ്റ: റാന്നി ഫോറസ്റ്റ് ഡിവിഷനിലെ തണ്ണിത്തോട് വനത്തിൽ കാട്ടാനകളുടെ കൂട്ടക്കുരുതിക്ക് ഉത്തരവാദികളായ വനപാലകരെയും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരെയും വന്യജീവി സംരക്ഷണ നിയമപ്രകാരം അറസ്റ്റ് ചെയ്ത് ജയിലിലടക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി കേരള വനം സെക്രട്ടറി, ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവരോട് ആവശ്യപ്പെട്ടു. കോടതിയെ സമീപിക്കാനും സമിതി തീരുമാനിച്ചിട്ടുണ്ട്. രണ്ടു വർഷത്തിനിടെ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് 50ലേറെ ആനകൾ ചരിഞ്ഞിട്ടുണ്ട്. ഇതിൽ പലതും പുറത്തറിയാറില്ലെന്ന് സമിതി പറഞ്ഞു.

ആനപിടിത്തം വീണ്ടും ആരംഭിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നും അവർ ആവശ്യപ്പെട്ടു. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ വയനാട്ടിൽ മാത്രം മുന്നൂറിലധികം കാട്ടാനകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. കൊമ്പിനു വേണ്ടിയുള്ള വേട്ട സജീവമാണ്. സമിതി യോഗത്തിൽ പ്രസിഡൻറ് ബാബു മൈലമ്പാടി അധ്യക്ഷത വഹിച്ചു. സെക്രട്ടറി തോമസ് അമ്പലവയൽ, കെ.പി. അബ്ദുൽ വഹാബ്, എൻ. ബാദുഷ, പി.യു. ജോയി, രാജൻ വെളുത്തൊണ്ടിക്കുന്ന്, സുരേഷ് മാസ്റ്റർ, സിദ്ദീഖ്, മുഹമ്മദ് എന്നിവർ പ്രസംഗിച്ചു.

കമ്പനികളുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി പ്രവർത്തിച്ചുവരികയാണ്. അന്താരാഷ്ട്ര ബിസിനസ് രംഗത്ത് ലാലാജിയുടെ സ്ഥാപനങ്ങൾക്കുണ്ടായ പ്രാമുഖ്യമാണ് ഈ അംഗീകാരത്തിന് പിന്നിൽ. മലയാളത്തിൽ ലളിതമായി കമ്പ്യൂട്ടർ വിജ്ഞാനം ആദ്യം പ്രചരിപ്പിച്ച ഒരാളാണ് ലാലാജി.

വത്സലയാണ് ലാലാജിയുടെ ഭാര്യ. ഇന്ദുലക്ഷ്മി, ശങ്കർലാൽ എന്നിവർ മക്കളാണ്.

# ആറളം ഫാം ആദിവാസികൾക്ക് നൽകാനായി കേരളത്തിന് കൈമാറും

ന്യൂഡൽഹി : കണ്ണൂരിലെ ആറളം ഫാം ഭൂരഹിത ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി വിട്ടുതരണമെന്ന കേരള ഗവൺമെന്റിന്റെ ആവശ്യം കേന്ദ്ര മന്ത്രിസഭായോഗം ഇന്നലെ അംഗീകരിച്ചു.

3060 ഹെക്ടർ ഭൂമിയാണ് കേന്ദ്ര ഉടമസ്ഥതയിലുള്ള ആറളം ഫാമിനുള്ളത്. വിലയായി 42.09 കോടി രൂപ കേരള ഗവൺമെന്റിൽ നിന്ന് കേന്ദ്രം ഈടാക്കും. ഫാമിന്റെ പകുതി സ്ഥലം ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ഉപയോഗിക്കുകയും പകുതി സ്ഥലം ഫാമായിത്തന്നെ നിലനിറുത്തുകയും ചെയ്യണമെന്ന ഉപാധിയോടെയാണ് കേന്ദ്രം ഭൂമി കേരള ഗവൺമെന്റിന് കൈമാറുന്നത്.

1971ൽ സ്ഥാപിക്കപ്പെട്ട ഫാമിൽ 638 തൊഴിലാളികൾ ഉൾപ്പെടെ 763 ജീവനക്കാർ ജോലി നോക്കുന്നുണ്ട്.

ആറളം ഫാം കേരള ഗവൺമെന്റിന് കൈമാറുന്നതിലൂടെ ലഭ്യമാകുന്ന 42.09 കോടി രൂപ സ്റ്റേറ്റ് ഫാം കോർപ്പറേഷൻ ഒഫ് ഇന്ത്യയുടെ സാമ്പത്തിക പ്രയാസം തരണം ചെയ്യാൻ സഹായകമാകുമെന്ന് കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച ഔദ്യോഗിക വക്താവ് പറഞ്ഞു.

ഭൂരഹിത ആദിവാസികളെയെല്ലാം പുനരധിവസിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കാൻ ആറളം ഫാം വിട്ടുതരണമെന്ന് കേരള മുഖ്യമന്ത്രി എ.കെ. ആന്റണി കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടുവരികയായിരുന്നു.

# കോളാ കമ്പനിക്കുമുന്നിൽ പ്രതിഷേധത്തിന്റെ വേലിയേറ്റം തീർത്ത് ഇടതുപക്ഷ മാർച്ച്

പാലക്കാട്: കോളാ കമ്പനികൾക്കെതിരെ ഉയർന്നിരിക്കുന്ന ജനവികാരത്തിന്റെ ആഴം അറിയിച്ചുകൊണ്ട് ഇടതുപക്ഷ യുവജന സംഘടനകൾ നടത്തിയ മാർച്ച് കമ്പനിക്കുമുന്നിൽ പ്രതിഷേധത്തിന്റെ വേലിയേറ്റം തീർത്തു.

അഞ്ഞൂറ് ദിവസമായി പ്ളാച്ചിമടയിലെ കോളാ കമ്പനിക്ക് മുന്നിൽ സമരം നടത്തുന്ന ആദിവാസികൾക്ക് പിൻതുണ പ്രഖ്യാപിച്ചുകൊണ്ട് യുവജനങ്ങൾ നടത്തിയ മാർച്ച് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. കന്നിമാരിയിൽ നിന്ന് രാവിലെ ആരംഭിച്ച മാർച്ച് കിലോമീറ്ററുകൾ പിന്നിട്ട് ഫാക്ടറിക്ക് മുന്നിൽ എത്തിയപ്പോൾ ബാരിക്കേഡുകൾ തീർത്ത് പൊലീസ് അവരെ തടഞ്ഞു. സമാധാനത്തിന്റെ പാത കൈവിടാതെ സമരക്കാർ മണിക്കൂറുകളോളം കമ്പനിക്ക് മുന്നിൽ ധർണ്ണ നടത്തി. ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ട് ആരംഭിച്ച മാർച്ചിന് ഡി.വൈ.എഫ്.ഐ., യുവജനതാദൾ, എ.ഐ.വൈ.എഫ് തുടങ്ങിയ യുവജന സംഘടനകളുടെ നേതാക്കളാണ് നേതൃത്വം നൽകിയത്. മാസങ്ങൾക്ക് മുമ്പ് ഡി.വൈ. എഫ്. ഐ. തുടങ്ങിവെച്ച കോളാവിരുദ്ധ സമരത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇടതുപക്ഷ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സമരം ആരംഭിച്ചത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കെമിക്കൽ ലാബുകളിൽ നടത്തിയ പരിശോധനയിൽ കോളയിൽ വിഷമുണ്ടെന്ന് കണ്ടെത്തിയിട്ടും ഫാക്ടറി അടച്ചുപൂട്ടാത്ത ആന്റണി സർക്കാർ ഗുരുതരമായ കുറ്റമാണ് ചെയ്യുന്നതെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് വി. എസ്. പറഞ്ഞു. മനുഷ്യർ മരിച്ചുകൊണ്ടിരിക്കുമ്പോഴും ആഗോള കുത്തകയുടെ കുഴലൂത്തുകാരായി ആന്റണി സർക്കാർ മാറിയിരിക്കുകയാണ്. കുടിവെള്ളത്തിനുവേണ്ടി സമരം നടത്തുന്ന പ്ളാച്ചിമടയിലെ ആദിവാസി സമരം ദേശീയ സമരമായി മാറിയിരിക്കുകയാണ്. പ്രതിദിനം ലക്ഷക്കണക്കിന് ലിറ്റർ വെള്ളം ഊറ്റിയെടുക്കുന്ന കോളയും പെപ്സിയും വെള്ളത്തിൽ വിഷം കലർത്തിയിരിക്കുകയാണ്. ഫാക്ടറി പുറന്തള്ളുന്ന ഖരമാലിന്യം വളമായി നൽകിയതിലൂടെ കാർഷിക

(ശേഷം 3-ാം പേജ് കോളം 2)




കോളാ ഫാക്ടറിക്ക് മുന്നിൽ ഇടതുപക്ഷ യുവജന സംഘടന നടത്തിയ മാർച്ച് പ്രതിപക്ഷ നേതാവ് വി.എസ്. ഉദ്ഘാടനം ചെയ്യുന്നു

ത്തിൽ ഹൈക്കമാൻഡാണ് തീരുമാനം എടുക്കേണ്ടതെന്ന് മുരളീധരൻ വാർത്താലേഖകരോട് പറഞ്ഞു.

പാർട്ടിയുടെ തിരഞ്ഞെടുപ്പ് സമിതി തയ്യാറാക്കിയ ലിസ്റ്റിലെ മൂന്നുപേരും ജയസാദ്ധ്യതയുള്ളവരാണ്. തോല്ക്കാൻ സാദ്ധ്യതയുള്ളവരെ ആരും ലിസ്റ്റിൽ ഉൾപ്പെടുത്തില്ലല്ലോ. താൻ പറയുന്നയാൾ മാത്രം എല്ലാം തികഞ്ഞവൻ എന്ന നിലപാട് ആര് സ്വീകരിക്കുന്നതും ശരിയല്ല. താൻ ചെയ്യുന്നത് മുഴുവൻ ശരിയാണെന്ന് ജനം കരുതുമെന്ന ധാരണ ആരും വച്ചുപുലർത്തണ്ട-അദ്ദേഹം പറഞ്ഞു.

യോഗത്തിൽ തിരഞ്ഞെടുപ്പ് സമിതിത്തന്നെ പൊതുസമ്മതനായ സ്ഥാനാർത്ഥിയുടെപേര് തീരുമാനിക്കാമെന്നാണ് കരുതിയത്. എന്നാൽ ലിസ്റ്റ് നല്കുന്നതാണ് നല്ലതെന്ന് ചിലർ നിർദ്ദേശിച്ചു. താനത് അംഗീകരിച്ചു. ലിസ്റ്റ് നൽകുന്നത് പിന്നീട് പ്രശ്നങ്ങളുണ്ടാക്കാനാണെന്ന് പലരും മുന്നറിയിപ്പ് നല്കിയിരുന്നതാണ്. സ്ഥാനാർത്ഥിയുടെ കാര്യത്തിൽ എന്ത്‌വിട്ടുവീഴ്ച ചെയ്യാനും താൻ തയ്യാറായിരുന്നു. അതുകൊണ്ടാണ് പട്ടികയിലില്ലാതിരുന്ന ടി.ജെ. വിനോദിന്റെ പേര് നിർദ്ദേശിച്ചത്. അതംഗീകരിക്കാൻ മുഖ്യമന്ത്രി കൂട്ടാക്കിയില്ല. ഇത്തരത്തിൽ ഏകപക്ഷീയമായ നടപടികൾ ഉണ്ടായാൽ പാർട്ടി പ്രവർത്തനം സുഗമമായി നടത്താനാകില്ല. എല്ലാം ചെയ്തുവച്ചശേഷം കെ.പി.സി.സി. പ്രസിഡന്റിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല-മുരളീധരൻ പറഞ്ഞു.

2 കേരളകൗമുദി 2003 സെപ്തംബർ 3

Mangalam
2003 September 11 Thursday



# വയനാട്ടിൽ മുന്നൂറ് കാട്ടാനകൾ 5 വർഷത്തിനുള്ളിൽ ചത്തൊടുങ്ങി

കൽപ്പറ്റ : അഞ്ച് വർഷത്തിനിടെ വയനാട് വന്യജീവി സങ്കേതത്തിൽ മൂന്നൂറിലധികം കാട്ടാനകൾ ചത്തൊടുങ്ങിയതായി വയനാട് പ്രകൃതി സംരക്ഷണ സമിതി ജനറൽ ബോഡിയോഗം ആരോപിച്ചു. കഴിഞ്ഞ രണ്ട് വർഷത്തിനിടെ വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് സംസ്ഥാനത്ത് 50ലധികം കാട്ടാനകൾ ചത്തിട്ടുണ്ട്. വയനാട്ടിൽ മാത്രം ഒരു മാസത്തിനിടെ മുപ്പത് കാട്ടാനകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിലധികവും കൊമ്പിനുവേണ്ടി ഷോക്കേൽപ്പിച്ചും ചാരായത്തിൽ വിഷം കൊടുത്തും കൊല്ലുകയായിരുന്നുവെന്നും യോഗം ചൂണ്ടിക്കാട്ടി. നാട്ടിലും കാട്ടിലും ആനകൾക്ക് രക്ഷയില്ലാതായിരിക്കുകയാണ്. ആനകളെ മെരുക്കി വളർത്തുന്നത് നിരോധിക്കണമെന്നും ആനപിടുത്തം പുനരാരംഭിക്കാനുള്ള നീക്കത്തെ എതിർക്കണമെന്നും യോഗം ആവശ്യപ്പെട്ടു.


വന്യ ജീവികൾക്ക് എന്തു സംഭവിച്ചാലും ഒന്നും വരാനില്ലെന്ന വൈദ്യുതി ബോർഡ് അധികൃതരുടെ ധാർഷ്ട്യമാണ് കാട്ടാനകളുടേയും മറ്റും കൂട്ടക്കുരുതിക്ക് മുഖ്യ കാരണം. നിബിഡ വനത്തിലൂടെയാണ് കേരളത്തിലെ വൈദ്യുതി പദ്ധതികളിൽ നിന്നുള്ള ട്രാസ്മിഷൻ ലൈനുകൾ. എല്ലാ ലൈനുകളും വന്യജീനികളുടെ മരണക്കെണികളാണ്. ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് വൈദ്യുതി ബോർഡിന്റെ തലപ്പത്ത് ഡപ്യൂട്ടേഷനിൽ ഇരിക്കുന്നതെന്നത് ലജ്ജാകരമാണെന്നും യോഗം അഭിപ്രായപ്പെട്ടു.

പ്രസിഡന്റ് ബാബു മൈലമ്പാടി അധ്യക്ഷത വഹിച്ചു. സെക്രട്ടറി തോമസ് അമ്പലവയൽ, കെ.പി.ബാധുഷ, എൻ.പി.യു. ജോയി, സുരേഷ്, സിദ്ധിഖ്, മുഹമ്മദ് പ്രസംഗിച്ചു.

മനോരമ - 2003
ഏപ്രി. 11 വ്യാഴം.

# പ്രകൃതി സംരക്ഷണ സമിതി

കൽപറ്റ: തണ്ണിത്തോട് വനത്തിൽ കാട്ടാനകൾ ഷോക്കേറ്റു മരിച്ചതുമായി ബന്ധപ്പെട്ട് വനം–വൈദ്യുതി വകുപ്പു ജീവനക്കാരെ അറസ്റ്റ് ചെയ്യണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി ആവശ്യപ്പെട്ടു. ആനപിടിത്തം പുനരാരംഭിക്കാനുള്ള നീക്കത്തെ ചെറുക്കും. ബാബു മൈലമ്പാടി അധ്യക്ഷത വഹിച്ചു. തോമസ് അമ്പലവയൽ, കെ.പി.ബാധുഷ, എൻ.പി.യു.ജോയി, രാജൻ വെളുത്തുണ്ടിക്കുന്ന്, സുരേഷ്, സിദ്ദിഖ്, മുഹമ്മദ് പ്രസംഗിച്ചു.



ദേശാഭിമാനി

2003

സപ്തംബർ 11

വ്യാഴം



# കാട്ടാനകളെ കൊന്നൊടുക്കുന്നുവെന്ന്

കൽപ്പറ്റ: വയനാടൻ വനങ്ങളിൽ കഴിഞ്ഞ ഒരു മാസത്തിനിടെ 30 കാട്ടാനകളെ കൊന്നൊടുക്കിയതായി വയനാട് പ്രകൃതി സംരക്ഷണസമിതി യോഗം ആരോപിച്ചു. കൊമ്പിനുവേണ്ടി ഷോക്കേൽപ്പിച്ചും വിഷം കൊടുത്തും ചാരായത്തിൽ വിഷം ചേർത്തും മറ്റുമാണ് ആനകളെ കൊലപ്പെടുത്തുന്നതെന്നും യോഗം ചൂണ്ടിക്കാട്ടി.

കാട്ടാനകളുടെ എണ്ണം വർധിച്ചിട്ടുണ്ടെന്ന വനംവകുപ്പിന്റെ വാദം ശാസ്ത്രീയമായി തെളിയിക്കാൻ കഴിയില്ല. വയനാട് വന്യജീവി സങ്കേതത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ 300-ൽ അധികം കാട്ടാനകൾ ചത്തൊടുങ്ങിയിട്ടുണ്ട്. ചത്തൊടുങ്ങിയ ആനകളുടെ എണ്ണം സംബന്ധിച്ച കണക്കുകളും വിവരങ്ങളും പുറത്തുവിടാൻ വനംവകുപ്പ് തയ്യാറാവണം. ആനകളെ മെരുക്കി വളർത്തുന്നത് തടയുകയും ആനപിടുത്തം പുനരാരംഭിക്കാനുള്ള നീക്കം ഉപേക്ഷിക്കുകയും ചെയ്യാൻ സർക്കാർ തയ്യാറാവണം.

റാന്നിയിലെ തണ്ണിത്തോട് വനത്തിൽ കാട്ടാനകൾ കൂട്ടകുരുതിയിടയായ സംഭവത്തിലെ പ്രതികളെ കണ്ടെത്തി ശിക്ഷിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. യോഗത്തിൽ പ്രസിഡണ്ട് ബാബു മൈലമ്പാടി അധ്യക്ഷനായിരുന്നു.

2003 സെപ്റ്റ: 12. വെള്ളി



ത്തറയിൽ
ഷണം
കുന്നു

ത്തറ: പടിഞ്ഞാറ സരപ്രദേശങ്ങ ത ഏതാനും ഇടക്കിടെ ുന്നു. ഏതാനും ൾ വ്യാപാരി വ്യവ സമിതി, സെക്ര സഫാ ട്രാവൽസ് ത്തിന്റെ പൂട്ട് ത്കടക്കുകയും മാഷ്ടിക്കുകയും ഴിഞ്ഞ ദിവസം ിന്റെ സ്റ്റേഷനറി നടത്തുകയും അടക്കമുള്ള ഇല സാധനങ്ങളും ം നടത്തുകയു ദിവസംതന്നെ ഹോട്ടലിലും പരിസരത്തുള്ള ദിവസങ്ങളിൽ ുകയുണ്ടായി. ഷിസ്ഥലങ്ങളിൽ യും മറ്റും കളവ് ാധാരണമായി ാണ്. ഇതേവ ക്കളെകുറിച്ച് ും ലഭിച്ചിട്ടില്ല. മോഷ്ടാക്കളെ കൃതർ നടപടി രിക്കുന്നു.

ചാൽ
ാക്കി

# കാട്ടാനകളുടെ കൂട്ടകുരുതി: വനം വകുപ്പിനെതിരെ നടപടി വേണം


കൽപ്പറ്റ: റാന്നി ഫോറസ്റ്റ് ഡിവിഷനിലെ തണ്ണിത്തോട് വനത്തിൽ കാട്ടാനകളുടെ കൂട്ടക്കുരുതിക്ക് ഉത്തരവാദികളായ റാന്നി ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർ, റെയിഞ്ച് ഓഫീസർ, ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ, ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി എഞ്ചിനീയർ, എക്സി. എഞ്ചിനീയർ തുടങ്ങിയവരെ വന്യജീവി സംരക്ഷണ നിയമപ്രകാരം അറസ്റ്റ് ചെയ്തു ജയിലിലടക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി, കേരള വനം സെക്രട്ടറി, ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവരോട് രേഖാമൂലം ആവശ്യപ്പെട്ടു.

ഉടനടി നടപടികൾ ഉണ്ടാകാത്തപക്ഷം കോടതി നടപടികൾ സ്വീകരിക്കുമെന്ന് സമിതി മുന്നറിയിപ്പ് നൽകി. പശ്ചിമഘട്ട വനമേഖലയാകെ കാട്ടാനകളുടെയും കരിംകുരങ്ങ്, മലയണ്ണാൻ തുടങ്ങിയവയുടേയും മരണത്തിന് കാരണമായിരിക്കുകയാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് കേരളത്തിൽ 50ൽ അധികം കാട്ടാനകൾ മരണപ്പെട്ടിട്ടുണ്ട്. ഒറ്റപ്പെട്ടതും ഉൾക്കാട്ടിൽ നടക്കുന്നതുമായ വന്യജീവി ഹത്യകൾ പുറത്തറിയുന്നില്ല. വന്യജീവികൾക്ക് എന്ത് സംഭവിച്ചാലും ഒന്നും വരാനില്ലെന്ന വൈദ്യുതി ബോർഡ് അധികൃതരുടെ ധാർഷ്ട്യമാണ് കാട്ടാനകളുടേയും മറ്റും കൂട്ടക്കുരുതിക്ക് മുഖ്യ കാരണം. നിബിഡ വനത്തിലൂടെയാണ് കേരളത്തിലെ വൈദ്യുത പദ്ധതികളിൽ നിന്നുള്ള ട്രാൻസ്മിഷൻ ലൈനുകൾ മുഴുവനും. ഒന്നൊഴിയാതെ എല്ലാ ലൈനുകളും വന്യജീവികളുടെ മരണക്കെണികളാണ്. ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് വൈദ്യുതി ബോർഡിൻെറ തലപ്പത്ത് ഡെപ്യൂട്ടേഷനിൽ ഇരിക്കുന്നതെന്നത് ലജ്ജാകരമാണ്.

നാട്ടിലും കാട്ടിലും ആനകൾക്ക് രക്ഷയില്ലാത്ത ഇന്നത്തെ അവസ്ഥക്ക് പരിഹാരം കാണണമെന്നും ആനകളെ മെരുക്കി വളർത്തുന്നത് നിരോധിക്കണമെന്നും ആനപിടുത്തം പുനരാരംഭിക്കാനുള്ള നീക്കത്തെ ചെറുത്തുതോൽപ്പിക്കണമെന്നും പ്രകൃതി സംരക്ഷണ സമിതി ജനറൽബോഡി യോഗം ആവശ്യപ്പെട്ടു. കാട്ടാനകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന വനംവകുപ്പ് അധികൃതരുടെ വാദം ശുദ്ധ നുണയും ശാസ്ത്രീയമായി തെളിയിക്കാൻ കഴിയാത്തതുമാണ്. കേരള വനങ്ങളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ചത്തൊടുങ്ങിയ ആനകളുടെ വിവരം പ്രസിദ്ധീകരിക്കുവാൻ വനം വകുപ്പ് അധികൃതരെ സമിതി വെല്ലുവിളിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വയനാട് വന്യജീവികളുടെ കേന്ദ്രത്തിൽ മാത്രം മുന്നൂറിലധികം കാട്ടാനകൾ ചത്തൊടുങ്ങിയിട്ടുണ്ട്.

കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ മുപ്പത് കാട്ടാനകൾ വയനാട്ടിൽകൊല്ലപ്പെട്ടത് കൊമ്പിന് വേണ്ടിയുള്ള വേട്ട ഷോക്കേൽപ്പിച്ചും വിഷം കൊടുത്തും ചാരായത്തിൽ വിഷം കലർത്തിയും മറ്റുമാണ്. ഈ ഗുരുതരമായ പ്രശ്നത്തിൽ ഉടനടി ഇടപെടണമെന്ന് സമിതി കേന്ദ്ര വനം, പരിസ്ഥിതി വകുപ്പിനോടും പരിസ്ഥിതി പ്രവർത്തകരോടും പ്രകൃതി സ്നേഹികളോടും അഭ്യർത്ഥിച്ചു. കോടിക്കണക്കിന് രൂപയുടെ വിദേശഫണ്ട് വാങ്ങി പ്രോജക്ട് എലിഫൻറ് പദ്ധതി നടപ്പിലാക്കുമ്പോഴും ഏഷ്യൻ വംശത്തിൽപ്പെട്ട കാട്ടാനകൾ വംശനാശ ഭീഷണികൾ നേരിടുകയാണെന്നും യോഗം ആശങ്ക രേഖപ്പെടുത്തി. യോഗത്തിൽ പ്രസിഡണ്ട് ബാബു മൈലമ്പാടി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി തോമസ് അംബലവയൽ, വഹാബ് കെ.പി., ബാദുഷ എൻ.പി., യു. ജോയി രാജൻ, വെളുത്തുണ്ടിക്കുന്ന് സുരേഷ് മാസ്റ്റർ, സിദ്ദീഖ്, മുഹമ്മദ് തുടങ്ങിയവർ പ്രസംഗിച്ചു.

കേരള കൗമുദി - 2003 സെപ്തംബർ 2 ചൊവ്വ



കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 'ആശ്രയ' അഗതി പുനരധിവാസ പദ്ധതിയുടെ ഉദ്ഘാടനം പ്രസിഡന്റ് റസിയ അബ്ദുള്ള നിർവ്വഹിക്കുന്നു

# ഗോത്രസ്വയംഭരണ പ്രദേശങ്ങൾക്ക് കേരളത്തിൽ പ്രസക്തിയില്ല: രാജൻ ഗുരുക്കൾ

ചെതലയം: കേരളത്തിൽ ഗോത്രസ്വഭാവത്തോട് കൂടിയ ആദിവാസി സമൂഹങ്ങൾ നിലനിൽക്കുന്നില്ലെന്നും, കാടിന്റെ ഓരങ്ങളിൽ ജീവിക്കുന്ന കാടോടികൾ മാത്രമാണിവരെന്നും അത് കൊണ്ട് തന്നെ വടക്കെ ഇന്ത്യയിലെപോലെ ഗോത്ര സ്വയംഭരണ പ്രദേശങ്ങൾക്ക് കേരളത്തിൽ പ്രസക്തിയില്ലെന്നും പ്രസിദ്ധ ചരിത്രകാരനും എം. ജി.യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസ് വകുപ്പ് തലവനുമായ ഡോ: രാജൻ ഗുരുക്കൾ പറഞ്ഞു.

ഭൂമി മാത്രം ലഭിച്ചത് കൊണ്ട് ആദിവാസികൾക്ക് ജീവിക്കാനാവില്ല. വയനാട്ടിലെ കാർഷിക മേഖലയിലുണ്ടായിട്ടുള്ള തകർച്ചയും ആത്മഹത്യയും ഭൂമിയോട് ഉടമസ്ഥത മാത്രം പരിഹാരമല്ല എന്നതിന് തെളിവാണ്. ചെതലയത്ത് വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാന ആദിവാസി പ്രവർത്തകരുടെയും മൂന്ന് ദിവസത്തെ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡോ: സതീഷ് ചന്ദ്രൻ നായർ, ഡോ: എസ്.ശാന്തി, എസ്. സന്ധ്യ, ഡോ: എം. ആർ. രാഘവവാര്യർ, എബി ജോർജ്ജ്, ടി. എസ്. മണിലാൽ, സി. ബി. ശ്രീധരൻ, എം.ശിവരാമൻ, പി. വെള്ളി, എം.ഗോപി, പി.രാധാകൃഷ്ണൻ, കെ. പി. അബ്ദുൾ വഹാബ്, എൻ. ബാദുഷ, പി.കെ. ഉത്തമൻ, ബാബു മൈലമ്പാടി, തോമസ് അമ്പലവയൽ എന്നിവർ പ്രസംഗിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 41 പേർ പങ്കെടുത്തു.

## കോള നടുറോഡിലൊഴിച്ചും ഇളനീർ കുടിച്ചും...

സുൽത്താൻ ബത്തേരി: വിഷക്കോള ഉപേക്ഷിച്ച് ഇളനീർ കഴിച്ച് കേര കർഷകരെ രക്ഷിക്കുക എന്ന സന്ദേശവുമായി ഐ. എഫ്. ഡി.പി. ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ബത്തേരിയിൽ കോള നടുറോഡിൽ ഒഴുക്കുകയും ഇളനീർ കഴിച്ചും പ്രചരണ പരിപാടിക്ക് തുടക്കം കുറിച്ചു. ജില്ലാ പ്രസിഡന്റ് ജോണി കൈതമറ്റം പരിപാടി ഉദ്ഘാടനം ചെയ്തു.

സംസ്ഥാന കമ്മറ്റി അംഗം കെ. വി. പൗലോസ് അദ്ധ്യക്ഷത വഹിച്ചു. ശങ്കരൻ കുട്ടി നായർ, മത്തായി പറമ്പിൽ, തങ്കച്ചൻ പൂതാടി, ഇസ്മയിൽ, ജോണി, കെ. എം. വർഗ്ഗീസ് എന്നിവർ സംസംാരിച്ചു. ജെയിംസ് സ്വാഗതവും വി.പി.വിജു നന്ദിയും പറഞ്ഞു.

# കേരളത്തിലെ ആദിവാസികളുടെ ദൈന്യത ലോകശ്രദ്ധയിൽ കൊണ്ടുവരും: സി.കെ. ജാനു

**ടി.ദേവപ്രസാദ്**

**തിരുവനന്തപുരം:** കേരളത്തിലെ ആദിവാസികളുടെ ദൈന്യതയ്ക്കു ആഗോള ശ്രദ്ധ നേടാനുള്ള അവസരമാണ് ഡബ്ലിനിൽ നടക്കുന്ന ലോക പാർക്ക് സമ്മേളനമെന്ന് സി.കെ. ജാനു. സെപ്റ്റംബർ ഏഴുമുതൽ 17 വരെ നടക്കുന്ന സമ്മേളനത്തിൽ ഇന്ത്യയിൽ നിന്നു നാലു ആദിവാസി പ്രവർത്തകരാണുള്ളത്. ഇൻർനാഷനൽ യൂണിയൻ ഫോർ നേച്ചർ കൺസർവേഷനാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

പത്തു വർഷത്തിലൊരിക്കലാണ് സമ്മേളനം നടക്കുക. ആദ്യമായാണ് എനിക്കു ക്ഷണം ലഭിക്കുന്നത്. 1994ൽ യു.എന്നിന്റെ ഒരു സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അന്ന് പരിചയപ്പെട്ട മലേഷ്യയിലെയും മറ്റും ആദിവാസികളും ഫെയ്സി എന്ന പരിസ്ഥിതി പ്രവർത്തകനും എന്റെ പേരു ശിപാർശ ചെയ്തതായാണറിവ്.


ഇത്തരം സമ്മേളനങ്ങളുടെ ഏറ്റവും വലിയ നേട്ടം അവ ഉണ്ടാക്കുന്ന ആദിവാസി കൂട്ടായ്മയാണ്. വിവിധ രാജ്യങ്ങളിലെ ആദിവാസികൾ ഒരുമിച്ചു കൂടുന്നു. ഞങ്ങളുടെ പ്രശ്നങ്ങൾ ഏതാണ്ട് എല്ലായിടത്തും സമാനമാണ്. മുത്തങ്ങയിൽ ഞങ്ങൾ ആക്രമിക്കപ്പെട്ടപ്പോൾ ലോകത്തെമ്പാടുമുള്ള ആദിവാസികൾ ഞങ്ങൾക്കുവേണ്ടി ശബ്ദിച്ചു. ഈ പ്രതിഷേധത്തിന്റെ കൂടി ഫലമാണ് 7300 ഹെക്ടർ വനഭൂമി ഞങ്ങൾക്കു നൽകാൻ കേന്ദ്രം സമ്മതിച്ചത്

സർക്കാരിന്റെ പ്രതിനിധികളും, സന്നദ്ധ സംഘടനകളുടെ പ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും പങ്കെടുക്കുന്ന സമ്മേളനമാണിത്. ഞങ്ങളുടെ ചെലവ് വഹിക്കുന്നത് സംഘാടകർ തന്നെ. സമ്മേളനത്തിന്റെ ശിപാർശകൾ ലോകരാജ്യങ്ങളുടെ നയപരിപാടികൾ തയാറാക്കുന്നതിൽ വളരെ സ്വാധിനം ചെലുത്തും.

എന്റെ പ്രസംഗത്തിന്റെ ഇംഗ്ലീഷിലുള്ള വിവർത്തനം പ്രതിനിധികൾക്കു വിതരണം ചെയ്യും. മലയാളത്തിലും തമിഴിലും പ്രസംഗിക്കുവാൻ അനുവാദം ഉണ്ട്.

കേരളം ഏറെ സംസ്കാരസമ്പന്നമാണെന്നല്ലേ വയ്പ്. ഇവിടെയാണ് ആദിവാസികൾക്കു കിടപ്പാടം നഷ്ടപ്പെടുന്നത്. ഞങ്ങളെ വെടിവച്ച് ഇറക്കിവിട്ട മുത്തങ്ങയിൽ ഇക്കോ-ടൂറിസം വരുന്നു. രണ്ടു വർഷത്തിനുള്ളിൽ ഭൂമി സമ്പന്നരുടെ കൈയിലാവും. അതൊന്നും ഇനി നടക്കില്ല. മുത്തങ്ങയിൽ വെടിവയ്പിൽ മരിച്ചത് ഒരാൾ. പോലിസ് കുടികളിൽ കയറി അക്രമം നടത്തിയപ്പോൾ, പ്രസവിച്ചുകിടന്ന ഒരമ്മ കുട്ടിയെ ഉപേക്ഷിച്ചു വനത്തിനുള്ളിലേയ്ക്കു ഓടി മറഞ്ഞു. ആ അമ്മ വന്നത് നാലു ദിവസം കഴിഞ്ഞു. ഈ മരണം പോലിസ് അതിക്രമത്തിന്റെ ഭാഗമല്ലേ?. ഒരു പോലിസുകാരൻ മരിക്കാനിടയായ സംഭവത്തെക്കുറിച്ചു സി.ബി.ഐ അന്വേഷിക്കുന്നുണ്ടല്ലോ. അന്വഷണം കഴിയുമ്പോൾ ഞങ്ങൾ നിരപരാധികളല്ലെന്നു വരും-ജാനു പറഞ്ഞു.

- ദീപിക - 2003 സെപ്തംബർ 2 ചൊവ്വ



ഐ.എഫ്.ഡി.പി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ബത്തേരിയിൽ നടത്തിയ 'കോള ഉപേക്ഷിക്കൂ; ഇളനീർ കഴിക്കൂ' പ്രചരണ പരിപാടി ജില്ലാ പ്രസിഡന്റ് ജോണി കൈതമറ്റം ഉദ്ഘാടനം ചെയ്യുന്നു.

# യുവജന നയം പ്രഖ്യാപിക്കാത്തതിൽ പ്രതിഷേധിച്ചു

**കൽപ്പറ്റ:** യു.ഡി.എഫ്സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ടുവർഷം കഴിഞ്ഞിട്ടും യുവജന നയം പ്രഖ്യാപിക്കാത്തതിൽ യൂത്ത് ഫ്രണ്ട് ജില്ലാ നേതൃയോഗം പ്രതിഷേധിച്ചു. 45 ലക്ഷത്തോളം വരുന്ന യുവജനങ്ങൾ തൊഴിലിനുവേണ്ടി അലയുകയാണ്.

ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം 1995ൽ യുവകർഷകരിൽനിന്നും കൃഷിഭവൻ മുഖേന സർക്കാർ 1100 വീതം രൂപ സമാഹരിച്ചിരുന്നു. എന്നാൽ നാളിതുവരെ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. പദ്ധതി അടിയന്തരമായും നടപ്പിലാക്കുകയോ അല്ലങ്കിൽ അടച്ച പണം പലിശ സഹിതം തിരിച്ചുനൽകുകയോ വേണമെന്നും യോഗം ആവശ്യപ്പെട്ടു. വിൽസൺ നെടുങ്കൊമ്പിൽ അധ്യക്ഷനായിരുന്നു. വി.പി. അബ്ദുൾഗഫൂർ ഹാജി, പി.ആർ. അജേഷ്, സിബി നിരപ്പേൽ, സണ്ണി തോമസ്, കെ.പി.ഹംസ, പി.സി.ജോയി, സാജൻ കുര്യൻ, പ്രിൻസ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

## ഉദ്ഘാടനം ചെയ്തു

**പുൽപ്പള്ളി:** പാടിച്ചിറ വില്ലേജിലെ കബനീ മണ്ണ്, ജല സംരക്ഷണസമിതികളുടെ പ്രോജക്ട് എൻ.ഡി അപ്പച്ചൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

മുള്ളൻകൊല്ലി പഞ്ചായത്ത് പ്രസിഡന്റ് ഗ്രേസി ജോസഫ്, വൈസ് പ്രസിഡന്റ് എം.എം മത്തച്ചൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. രാഘവൻ, ബ്ലോക്ക് വൈസ് പ്രസിഡന്റ് കെ.കെ. ബേബി, അഡ്വ. പി.ഡി. സജി, കൃഷി ഓഫീസർ സുധി എന്നിവർ പ്രസംഗിച്ചു.

## പൊതുയോഗം ഇന്ന്

**മാനന്തവാടി:** മാനന്തവാടി ടൗൺ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഗാന്ധിപാർക്കിൽ ഇന്ന് വൈകുന്നേരം പൊതുയോഗം നടത്തും.

# 'ഗോത്ര സ്വയംഭരണത്തിന് പ്രസക്തിയില്ല്'

ദീപിക 2003 സെപ്റ്റംബർ 2 ചൊവ്വ

**സുൽത്താൻ ബത്തേരി:** വടക്കേ ഇന്ത്യയിലെ പോലെ ഗോത്ര സ്വയംഭരണ പ്രദേശങ്ങൾക്ക് കേരളത്തിൽ പ്രസക്തിയില്ലെന്ന് ചരിത്രകാരനും എം.ജി.യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസ് വകുപ്പ് തലവനുമായ ഡോ. രാജൻ ഗുരുക്കൾ.

ചെതലയത്ത് വയനാട് പ്രകൃതി സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാനതല പരിസ്ഥിതി-ആദിവാസി പ്രവർത്തകരുടെ ത്രിദിന സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഭൂമി ലഭിച്ചതുകൊണ്ടുമാത്രം ആദിവാസികൾക്ക് ജീവിക്കാനാവില്ല. വയനാട്ടിലെ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള തകർച്ചയും ആത്മഹത്യയും ഇതാണ് സൂചിപ്പിക്കുന്നത്. സ്ഥിരം വരുമാനമുള്ളതൊഴിലും ജീവിത സാഹചര്യവും സൃഷ്ടിക്കുകയാണ് ആദ്യം വേണ്ടത് -അദ്ദേഹം പറഞ്ഞു.

ഡോ. സതീഷ്ചന്ദ്രൻനായർ, ഡോ. എസ്. ശാന്തി, എസ് സന്ധ്യ, ഡോ.എം.ആർ. രാഘവവാര്യർ, എബി ജോർജ്, പി.എസ് മണിലാൽ, സി.ബി. ശ്രീധരൻ, എം. ശിവരാമൻ, പി. വെള്ളി, എം. ഗോപി, പി. രാധാകൃഷ്ണൻ, അബ്ദുൾ വഹാബ്, ബാദുഷ, പി.കെ. ഉത്തമൻ, ബാബു മൈലമ്പാടി, തോമസ് അമ്പലവയൽ തുടങ്ങിയവർ പ്രസംഗിച്ചു. എം. ഗംഗാധരൻ സ്വാഗതം പറഞ്ഞു.

# അലവൻസ് വിതരണം

**കൽപ്പറ്റ:** 2002-03 സാമ്പത്തിക വർഷത്തിലെ സഞ്ചയിക സൂപ്പർവൈസറി അലവൻസിന് അപേക്ഷ നൽകിയിട്ടുള്ള സ്കൂളിലെ പ്രധാനാധ്യാപകർ പ്രസ്തുത തുകയ്ക്കുള്ള ചെക്ക് ദേശീയ സമ്പാദ്യ പദ്ധതി അസി. ഡയറക്ടറുടെ ഓഫീസിൽനിന്നും കൈപ്പറ്റണമെന്ന് അസി. ഡയറക്ടർഅറിയിച്ചു.

കേരള കൗമുദി - 2003 സെപ്തംബർ 3 ബുധൻ

# ആറളം ഫാം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്താൽ പ്രശ്നങ്ങളേറെ

കണ്ണൂർ: കേന്ദ്രസർക്കാരിൽ നിന്ന് ആറളം ഫാം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് ആദിവാസികൾക്ക് വിതരണം ചെയ്യുന്നതോടെ ഇപ്പോഴുള്ള പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകുമെന്നാണ് പൊതുവേയുള്ള അഭിപ്രായം. ഇപ്പോഴുള്ളതിന്റെ അമ്പത് ശതമാനം ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ കണക്കുകൂട്ടൽ. എന്നാൽ നേരത്തേ തന്നെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ട്രേഡ് യൂണിയനുകളുടെ ആക്ഷൻ കമ്മിറ്റി വിളകളില്ലാത്ത ഭൂമി ആദിവാസികൾക്ക് നൽകിയാൽ മതി എന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുകയാണ്. വിളകളില്ലാത്ത ഭൂമി ഇവിടെ ഇരുപത് ശതമാനത്തിൽ താഴെയാണ്.

ഇപ്പോൾ ഫാമിലുള്ളത് 650 തൊഴിലാളികളാണ്. 2500 പേരിൽ ബാക്കിയുള്ളവരത്രയും വി. ആർ. എസ്. വാങ്ങിയും മറ്റും ഫാമിനോട് വിട പറഞ്ഞുകഴിഞ്ഞു. ഇപ്പോഴുള്ളവരിൽ തന്നെ ഇരുന്നൂറ് പേർ വി. ആർ. എസിന് അപേക്ഷിച്ച് കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തിന് കാത്തുനിൽക്കുകയാണ്. ഉള്ള തൊഴിലാളികൾക്ക് ഒരിക്കലും സംസ്ഥാന ഗവൺമെന്റിന് കീഴിൽ ജോലി ചെയ്യാൻ താൽപ്പര്യവുമില്ല. ഇപ്പോൾ ഇവിടുത്തെ തൂപ്പുകാരന് കേന്ദ്രഗവൺമെന്റിൽ നിന്ന് 6500 രൂപ ശമ്പളം ലഭിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന് കീഴിൽ പണിയെടുക്കുമ്പോൾ ഇത് സ്വപ്നം കാണാൻ പോലും വയ്യാത്തതാണ്.

ഫാമിൽ ഇപ്പോൾ തന്നെ 132 ആദിവാസി കുടുംബങ്ങളുണ്ട്. ഇവർക്ക് അഞ്ച് സെന്റ് ഭൂമി വീതം നൽകി താമസിപ്പിക്കാനാണ് നേരത്തേ വന്ന നിർദ്ദേശം. പക്ഷേ ഇപ്പോൾ പുതിയ നിയമ പ്രകാരം സംസ്ഥാന സർക്കാർ ഭൂമി നൽകുമ്പോൾ അത് മൂന്നേക്കറിൽ കുറയാതെ നൽകണം. അങ്ങനെ വരുമ്പോൾ പുതുതായി ഇവിടേക്ക് കൊണ്ടുവരുന്ന ആദിവാസികളുടെ എണ്ണം വളരെ കുറവായിരിക്കും. സ്റ്റേറ്റ് ഗവൺമെന്റ് അമ്പത് ശതമാനം ഭൂമി തന്നെ ഏറ്റെടുത്ത് കൃഷി തുടരുമ്പോൾ അത് എത്രമാത്രം വിജയപ്രദമായി നടത്താൻ കഴിയും എന്ന് ജീവനക്കാർക്കിടയിലും തൊഴിലാളികൾക്കിടയിലും ആശങ്ക പരന്നിട്ടുണ്ട്. തൊഴിൽത്തർക്കങ്ങളും അഴിമതിയും ഇവിടെ സമൃദ്ധമായി വിളയുമെന്നാണ് കണക്കുകൂട്ടൽ. ഇപ്പോഴത്തെ പുതിയ നയ പ്രകാരം ഇത് ആദിവാസികൾക്ക് കൊടുക്കുന്നതിൽ ബാക്കിയുള്ള ഭൂമി അന്യാധീനപ്പെട്ടുപോകാനുള്ള സാധ്യതയും ഏറെയാണ്.

ഫാമിൽ ഇപ്പോൾ പ്രതിദിനം ഒന്നര ലക്ഷത്തിന്റെ റബർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഈ വർഷം മഴ നേരത്തേ ലഭിച്ചതിനാൽ തേങ്ങയും വർദ്ധിക്കും. ഇതിന്റെ നല്ലൊരു ഭാഗം അഴിമതിക്കാരിലേക്ക് പോകുമെന്നാണ് സംസാരം. ആറളം ഫാം 1971 ൽ തുടങ്ങിയപ്പോൾ 12500 ഏക്കർ ഭൂമി ഉണ്ടായിരുന്നു. ഇപ്പോൾ 7500 ഏക്കർ ഭൂമി മാത്രമേയുള്ളൂ. ബാക്കിയുള്ളത് വന്യമൃഗ സംരക്ഷണ കേന്ദ്രമായി മാറി. ആദിവാസി കുടുംബങ്ങൾ നേരത്തേ സമരം ചെയ്തിരുന്നു. ഇവരെ അടിയന്തിരാവസ്ഥ കാലത്ത് പലയിടങ്ങളിലായി ഭിന്നിപ്പിച്ച് താമസിപ്പിച്ച് സമരം ഒതുക്കുകയായിരുന്നുവത്രേ.

ഏറ്റവുമൊടുവിൽ ഫാം നിലനിറുത്തി നിലവിൽ കൃഷിയില്ലാത്ത ഭൂമി ആദിവാസികൾക്ക് നൽകണമെന്ന ആക്ഷൻ കമ്മിറ്റിയുടെ വാദവും അമ്പത് ശതമാനം ആദിവാസികൾക്ക് നൽകുമെന്ന സംസ്ഥാന ഗവൺമെന്റിന്റെ നിലപാടും തമ്മിലുള്ള വൈരുദ്ധ്യമാണ് നിലനിൽക്കുന്നത്. ഇതിന് പുറമെ സി. പി. എമ്മിന്റെ നേതൃത്വത്തിലുള്ള ആദിവാസി ക്ഷേമ സമിതിയും ആദിവാസി ഗോത്രസഭയും എന്ത് നിലപാട് കൈക്കൊള്ളുമെന്നും പ്രവചിക്കാനാവില്ല.

# ട്രാൻസ്പോർട്ട് ജില്ലാ ഡിപ്പോയ്ക്ക് 20 ലക്ഷത്തിന്റെ അധിക വരുമാനം

ബത്തേരി: കെ.എസ്.ആർ.ടി.സി ജില്ലാ ഡിപ്പോയുടെ പ്രതിമാസ നഷ്ടം കുറഞ്ഞു വരുന്നു. 20 ലക്ഷം രൂപയുടെ അധിക വരുമാനം ആണ് ഡിപ്പോയ്ക്ക് ഈ മാസം ലഭിച്ചിരിക്കുന്നത്. പുതുതായി മൂന്നു ബസുകൾ കൂടി അനുവദിച്ച അധികൃതരുടെ തീരുമാനവും ജീവനക്കാർക്ക് ഉണർവ് നൽകിയിട്ടുണ്ട്. ബാംഗ്ലൂർ, വടകര സൂപ്പർഫാസ്റ്റ് സർവീസുകൾക്കാണ് പുതിയ ബസുകൾ ഉപയോഗിക്കുന്നത്.

## ഗോവധ നിരോധനം ആവശ്യമില്ലെന്ന്

പേരാമ്പ്ര: ഗോവധ നിരോധനത്തിനുള്ള ശ്രമം ഉപേക്ഷിക്കണമെന്ന് കേരള യുക്തിവാദി സംഘം കൊയിലാണ്ടി താലൂക്ക് സമ്മേളനം ആവശ്യപ്പെട്ടു. തസ്നി ബാനു ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് വി. ശിവദാസൻ ആധ്യക്ഷ്യം വഹിച്ചു. സമാപന സമ്മേളനവും സെമിനാറും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൻ. കെ. നളിനി ഉദ്ഘാടനം ചെയ്തു.

ചാലിക്കര രാധാകൃഷ്ണൻ ആധ്യക്ഷ്യം വഹിച്ചു. യു.കലാനാഥൻ, ഇ. എ. ജബ്ബാർ, ടി. പി. മണി, സി. പ്രഭാകരൻ, എ. സി. സജു പ്രസംഗിച്ചു.

ഭാരവാഹികൾ: വി. ശിവദാസൻ (പ്രസിഡന്റ്), പി. കെ. അൻസാരി (വൈസ് പ്രസിഡന്റ്), രാജൻ കോറോത്ത് (സെക്രട്ടറി), പി. ചാത്തു (ജോയിന്റ് സെക്രട്ടറി), സി. പി. ശങ്കരൻ (ട്രഷറർ).

## 'അഭയ'ത്തിന് 9 ലക്ഷത്തിന്റെ ബജറ്റ്

തിരുവണ്ണൂർ: ചേമഞ്ചേരിയിൽ ബുദ്ധിമാന്ദ്യമുള്ളവർക്കായി പ്രവർത്തിക്കുന്ന അഭയം സ്കൂൾ കമ്മിറ്റി വാർഷിക ജനറൽ ബോഡി യോഗത്തിൽ ഒൻപതു ലക്ഷം രൂപയുടെ ബജറ്റ് അവതരിപ്പിച്ചു. ഇ. ഗംഗാധരൻ നായർ ആധ്യക്ഷ്യം വഹിച്ചു.

ഭാരവാഹികൾ: ഇ. ഗംഗാധരൻ നായർ (പ്രസിഡന്റ്) കെ. പി. ഉണ്ണിഗോപാലൻ (വൈസ് പ്രസിഡന്റ്), എം. സി. മമ്മദ്കോയ (ജനറൽ സെക്രട്ടറി), സത്യനാഥൻ മാടഞ്ചേരി, ദാമു കാഞ്ഞിലശ്ശേരി (സെക്രട്ടറിമാർ), കെ. ബാലൻ നായർ ട്രഷറർ).



അംഗൻവാടി ജീവനക്കാരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച സർക്കാർ
ന്തവാടി ഐ.സി.ഡി.എസ് ഓഫിസിന് മുമ്പിൽ അംഗൻവാടി വർക്കേ
സോസിയേഷൻ നടത്തിയ ധർണ



ജില്ലയിലെ മികച്ച ക്ഷീരകർഷകനുള്ള അവാർഡ് മടക്കിമല സംഘത്തിലെ പോക്കാട്ട് സന്തോഷ് ബാബുവിന് മിൽമ ചെയർമാൻ പി.ടി.ഗോപാലക്കുറുപ്പ് സമ്മാനിക്കുന്നു

# ആദിവാസികൾക്ക് ജീവിത സാഹചര്യങ്ങളും നൽകണം

ചെതലയം: കേരളത്തിൽ ഗോത്ര സ്വഭാവത്തോടുകൂടിയ ആദിവാസി സമൂഹങ്ങൾ നിലനിൽക്കുന്നില്ലാത്തതിനാൽതന്നെ വടക്കെ ഇന്ത്യയിലെ പോലെ ഗോത്ര സ്വയംഭരണ പ്രദേശങ്ങൾക്ക് കേരളത്തിൽ പ്രസക്തിയില്ലെന്ന് പ്രസിദ്ധ ചരിത്രകാരൻ ഡോ.രാജൻ ഗുരുക്കൾ പറഞ്ഞു. ഭൂമി മാത്രം ലഭിച്ചതുകൊണ്ട് ആദിവാസികൾക്കു ജീവിക്കാനാവില്ല. വയനാട്ടിലെ കാർഷിക മേഖലയിലുണ്ടായിട്ടുള്ള തകർച്ചയും ആത്മഹത്യയും ഭൂമിയുടെ ഉടമസ്ഥതമാത്രം ഹരിഹാരമല്ല എന്നതിനു തെളിവാണ്. അതുകൊണ്ട് സ്ഥിരവരുമാനമുള്ള തൊഴിലും ജീവിതസാഹചര്യങ്ങളും സൃഷ്ടിക്കുകയാണ് ആദ്യം വേണ്ടത്.

ഒരു സമൂഹം എന്ന നിലയിൽ ആദിവാസികൾക്ക് നിലനിൽക്കാൻ അവരുടെ തനിമ നിലനിർത്തുവാൻ കഴിയണം. വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ പരിസ്ഥിതി ആദിവാസി പ്രവർത്തക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എം.ഗംഗാധരൻ, ഡോ.സതീഷ് ചന്ദ്രൻ നായർ, ഡോ.എസ്.ശാന്തി, എസ്.സന്ധ്യ, ഡോ.എം.ആർ. രാഘവവാര്യർ, എബി ജോർജ്, ടി.എസ്.മണിലാൽ, സി.ബി.ശ്രീധരൻ, എം.ശിവരാമൻ, പി.വെള്ളി, എം.ഗോപി, പി.രാധാകൃഷ്ണൻ, കെ.പി.അബ്ദുൽ വഹാബ്, എൻ.ബാധുഷ, പി.കെ.ഉത്തമൻ, ബാബു മൈലമ്പാടി, തോമസ് അമ്പലവയൽ പ്രസംഗിച്ചു.

മനോരമ – 2003 ഡിസംബർ 1 തിങ്കൾ

# ആദിവാസികളെ അറിഞ്ഞുള്ള വികസനം വേണം

ബത്തേരി: സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്കും മേലേ തട്ടിലുള്ളവർക്കും വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വ്യത്യസ്തമാണെന്നും ആദിവാസികളെ ആഴമായി അറിഞ്ഞുള്ള വികസനമാണ് അവർക്കു വേണ്ടതെന്നും പ്രശസ്ത ചരിത്രകാരൻ ഡോ. രാജൻഗുരുക്കൾ പറഞ്ഞു. വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ സംസ്ഥാന പ്രകൃതി പഠന ക്യാംപിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചരിത്രം വൈകാരികമായ രീതിയിൽ പഠിപ്പിക്കുന്നതു മൂലമാണ് ആക്രമണങ്ങളും കൈയേറ്റങ്ങളും ഉണ്ടാകുന്നത്.

കേരളംപോലെ ഗുരുതരമായ ആദിവാസി പ്രശ്നങ്ങളുള്ള സംസ്ഥാനം വേറെയില്ല. ജാതികളെ ഗോത്രങ്ങളാക്കിയും ഗോത്രങ്ങളെ ജാതികളാക്കിയുമുള്ള സർക്കാറിന്റെ കുത്തഴിഞ്ഞ കണക്കെടുപ്പുകൾമൂലം ആദിവാസികൾക്ക് അവരുടെ പേരുപോലും നഷ്ടപ്പെട്ടുതുടങ്ങി. വ്യവസ്ഥിതികൾ അടിച്ചേൽപിക്കുന്ന ആവരണങ്ങൾ ഓരോ മനുഷ്യനിലുമുണ്ട്. ഇത് തകർത്തെറിയാൻ സാധിക്കണം.

കാട് വെറും ഭൂമിയല്ലാത്തതുകൊണ്ടുതന്നെ അത് സ്വകാര്യ സ്വത്താക്കാൻ കഴിയില്ല. ആദിവാസികൾക്ക് ഭൂമി കൊടുത്താൽ അവരുടെ പ്രശ്നം തീരുമെന്ന പ്രചാരണം തെറ്റാണ്. ആദിവാസികളുടെ പ്രശ്നം നിസ്സാരവൽക്കരിക്കാതെ അതിനെക്കുറിച്ച് ഒരു സമഗ്ര പഠനം നടത്താൻ തയാറാവണം. കാട്ടിലെ വിഭവങ്ങളിലുള്ള അവകാശം ആദിവാസികൾക്ക് മാത്രമാകണമെന്നും രാജൻ ഗുരുക്കൾ പറഞ്ഞു. വെള്ളിയാഴ്ച ആരംഭിച്ച ക്യാംപ് ഇന്ന് സമാപിക്കും.

## എം. എൽ. എ.യെ അനുമോദിച്ചു

മുള്ളൻകൊല്ലി: പാടിച്ചിറ വില്ലേജിനെ അന്നവാരി പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രയത്നിച്ച എൻ. ഡി. അപ്പച്ചൻ എം. എൽ. എ.യെ മണ്ഡലം കോൺഗ്രസ് കമ്മിറ്റി അഭിനന്ദിച്ചു. ടി. വി. ജോസഫ് ആധ്യക്ഷ്യം വഹിച്ചു. എം. ടി. ദേവസ്യ, കെ. സി. ജോസഫ്, എം. യു. മത്തായി, അലക്സാണ്ടർ കളത്തിൽ, തങ്കച്ചൻ കൊളശ്ശേരി, ജോസഫ് വടക്കയിൽ, സ്റ്റീഫൻ പുകുടിയിൽ, പി. വി. സെബാസ്റ്റ്യൻ, ശിവരാമൻ പറക്കുഴി പ്രസംഗിച്ചു.

എം. എൽ. എ.യെ മണ്ഡലം കർഷക കോൺഗ്രസ് കമ്മിറ്റി അഭിനന്ദിച്ചു. അലക്സാണ്ടർ കളത്തിൽ ആധ്യക്ഷ്യം വഹിച്ചു. ജോസഫ് തച്ചുപുര, എം. ടി. ദേവസ്യ, മത്തായി മാപ്പനാത്ത്, പി. വി. സെബാസ്റ്റ്യൻ, ശിവരാമൻ പാറ